"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 98/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1038/2025/LSGD** **തീയതി, തിരുവനന്തപുരം, 25-04-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.98/2008 നമ്പർ കേസിന്മേലുള്ള 14/06/2010 തീയതിയിലെ വിധിന്യായം.
2. ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയിൽ 28/01/2025 തീയതിയിൽ നടന്ന മീഡിയേഷൻ.
3. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/01/2025-ലെ കെ18-26146/12 നമ്പർ കത്ത്.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28/02/2025-ലെ എ3/729/2008/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന എൽ.എ.ആർ 98/08 നമ്പർ കേസുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയിൽ 28/01/2025-ൽ നടന്ന മീഡിയേഷനിൽ, തുക 30/06/2025 തീയതിയ്ക്കുള്ളിൽ കക്ഷിക്ക് നൽകണമെന്ന നിബന്ധനയോടെ, 1,50,000/- രൂപയ്ക്ക് (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം), പരാമർശം (2) പ്രകാരം ഒത്തുതീർപ്പായിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക അടിയന്തരമായി അനുവദിക്കണമെന്നും പരാമർശം (4) & (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 2494/1 -ൽഉൾപ്പെട്ടതും ശ്രീ. മുരളീധരൻ നായർ

('ദർശൻ', റ്റി. സി. 4/2134, പട്ടം പി.ഒ., തിരുവനന്തപുരം) എന്നയാളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.20 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയിൽ 28/01/2025 തീയതിയിൽ നടന്ന മീഡിയേഷനിൽ, 30/06/2025 തീയതിയ്ക്കുള്ളിൽ തുക കക്ഷിക്ക് നൽകണമെന്ന വ്യവസ്ഥയിൽ, ഒത്തുതീർപ്പിലെത്തിയ 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. മുരളീധരൻ നായർ, 'ദർശൻ', റ്റി. സി. 4/2134, പട്ടം പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/35/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 25-04-2025 16:18:04

സെക്ഷൻ ഓഫീസർ